# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: ശ്രീമതി പി. മേരിക്കുട്ടി IAS)

വിഷയം- പഞ്ചായത്ത് വകുപ്പ് - ഭരണജാഗ്രത - കോട്ടയം ജില്ല - തീക്കോയി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. അനീഷ്. യു, നവമാധ്യമങ്ങളിലൂടെ സർക്കാരിനേയും ബഹു: വൈദ്യുതി മന്ത്രിയേയും അവഹേളിച്ചതായുള്ള പരാതി - അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

പരാമർശം- 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 09/05/2017ലെ എവിഎസ്-5204/2017 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 23/08/2017 ലെ ഇതേ നമ്പർ കുറ്റപത്രം
3. ശ്രീ. അനീഷ്. യു വിന്റെ 05/06/2017, 19/09/2017 എന്നീ തീയതികളിലെ കത്ത്
4. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06/10/2017ലെ എവിഎസ്-5204/2017 നമ്പർ കത്ത്

---

## ഉത്തരവ് നമ്പർ: ഡി5-15521/2017 തീയതി 01/12/2017

---

കോട്ടയം ജില്ലയിലെ തീക്കോയി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്ക് ശ്രീ. അനീഷ്. യു, നവമാധ്യമങ്ങളിലൂടെ സർക്കാരിനേയും ബഹു: വൈദ്യുതി മന്ത്രിയേയും അവഹേളിച്ചതായുള്ള ശ്രീ ജോസഫ് മാമൻ എന്നയാളുടെ പരാതി ലഭിച്ചെന്നും ആയത് പരിശോധിച്ചതിൽ നിന്നും പരാതിയിൽ കഴമ്പുള്ളതായി കാണുന്നുവെന്നും പരാമർശം (1) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്മേൽ ശ്രീ. അനീഷ്. യുവിനോട് വിശദീകരണം ആവശ്യപ്പെടുകയും ടിയാൻ നൽകിയ മറുപടി തൃപ്തികരമായി കാണാത്തതിനാൽ ചുവടേ ചേർത്ത കുറ്റങ്ങൾ മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

- താങ്കൾ തീക്കോയി ഗ്രാമപഞ്ചായത്ത് സീനിയർ ക്ലാർക്കായി സേവനമനുഷ്ഠിക്കവേ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ മറികടന്ന് നവമാധ്യമങ്ങളിലൂടെ സർക്കാരിനേയും ജനപ്രതിനിധികളേയും അവഹേളിക്കുന്നതായും ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി ശ്രീ എം.എം. മണിയെ പേരെടുത്ത് അധിക്ഷേപിക്കുന്ന തരത്തിൽ പോസ്റ്റുകൾ നവമാധ്യമങ്ങളിൽ ഇടുകയും പ്രചരിപ്പിക്കുകയും ചെയ്തു.
- ഇക്കാര്യത്തിൽ താങ്കൾ, മൊബൈലിൽ ലഭിച്ച സന്ദേശം നവമാദ്ധ്യമത്തിൽ ഷെയർ ചെയ്തത് അബദ്ധത്തിൽ സംഭവിച്ച കൈപിഴവാണ് എന്ന് നൽകിയ വിശദീകരണം തൃപ്തികരമല്ല.

ടി കുറ്റപത്രത്തിന് ടിയാൻ ചുവടേ ചേർത്തപ്രകാരം എതിർവാദപത്രിക സമർപ്പിച്ചു. ബഹു:വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം.മണിയെ നവമാധ്യമങ്ങളിൽ കൂടി അവഹേളിക്കുന്ന തരത്തിലുള്ള പോസ്റ്റ് തന്റെ ഫേസ്ബുക്കിൽ കൂടി പ്രചരിച്ചത് തനിക്ക് പറ്റിയ തെറ്റാണെന്നും ആയത് മാപ്പാക്കണമെന്നും ടി പോസ്റ്റ് തന്റെ ഫേസ്ബുക്കിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്നും ഈ വിഷയത്തിൽ നിർവ്യാജം ഖേദിക്കുകയും ക്ഷമാപണം നടത്തുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു.

ടിയാൻ തന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മനസിലാക്കുകയും ആയതിന് മാപ്പപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായകുറിപ്പ് നൽകിയിരുന്നു.

ശ്രീ. അനീഷ്. യു വിന്റെ മറുപടിയും ആയതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ അഭിപ്രായകുറിപ്പും വിശദമായി പരിശോധിച്ചു. ടിയാന്റെ ഭാഗത്ത് ഗുരുതരമായ അച്ചടക്ക ലംഘനമുണ്ടായിട്ടുണ്ട്. എന്നിരുന്നാലും ടിയാൻ തന്റെ ഭാഗത്തുനിന്നുള്ള വീഴ്ച മനസിലാക്കുകയും ആയതിന് ടിയാൻ മാപ്പപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിലും ടിയാനെതിരെ മറ്റ് അച്ചടക്കനടപടികൾ യാതൊന്നും നിലവിലില്ലാ എന്ന വസ്തുത പരിഗണിച്ചും കഠിന ശിക്ഷയിൽ നിന്നും ഒഴിവാക്കി ഇനിയുള്ള സേവനകാലയളവിൽ ഇപ്രകാരമുള്ള തെറ്റുകൾ ആവർത്തിക്കരുതെന്നുള്ള നിർദ്ദേശം നൽകി, ശാസന **(Warning)** എന്ന ലഘുശിക്ഷ ചുമത്തി ശ്രീ. അനീഷ്. യു വിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**പി. മേരിക്കുട്ടി IAS**
പഞ്ചായത്ത് ഡയറക്ടർ

ഡി5

ശ്രീ. അനീഷ്. യു , സീനിയർ ക്ലാർക്ക്,
തീക്കോയി ഗ്രാമപഞ്ചായത്ത്, കോട്ടയം

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. സെക്രട്ടറി, തീക്കോയി ഗ്രാമപഞ്ചായത്ത്, കോട്ടയം
3. ശ്രീ. ജോസഫ് മാമൻ, മാടത്താനിയിൽ, കിഴക്കേ കല്ലട, കൊല്ലം
4. കരുതൽ / അധികം

// ഉത്തരവിൻ പ്രകാരം //

സൂപ്രണ്ട്